LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സർവ്വകലാശാലകളുടെ നിലവാരമുയർത്താനും ഗവേഷണത്തിനും പഠനത്തിനും കൂടുതൽ ഊന്നൽ കൊടുക്കാനുമാണ് പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്ത സംവിധാനമുണ്ടായത്. പ്രീ-ഡിഗ്രി ഡീ-ലിങ്ക് ചെയ്തിട്ടുപോലും നമ്മുടെ സർവ്വകലാശാലയിലെ നിലവാരമുയർത്താൻ നമുക്ക് കഴിഞ്ഞില്ല. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാര മികവിന് ഏറ്റവും തടസ്സമായി നിൽക്കുന്നത് നമ്മുടെ യൂണിവേഴ്സിറ്റികളാണ്. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മീറ്റിംഗുകൾ നടക്കുമ്പോൾ 99 ശതമാനം ഫയലുകളും വരുന്നത് അദ്ധ്യാപകർക്കും ജീവനക്കാർക്കുംവേണ്ടി മാത്രമാണ്. വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള കാര്യങ്ങളും അക്കാദമിക് കാര്യങ്ങളുമാണ് നടക്കാത്തത്. അതുകൊണ്ട് രണ്ട് മാസം കൂടുമ്പോൾ അക്കാദമിക് കാര്യങ്ങൾ മാത്രം ചർച്ച ചെയ്യുന്ന സിൻഡിക്കേറ്റ് മീറ്റിംഗുകൾ നടത്താനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, തീർച്ചയായും വളരെ സ്വാഗതാർഹമായ നിർദ്ദേശമാണ്. പക്ഷെ പ്രായോഗികതലത്തിൽ നടക്കുന്നില്ലെന്നത് ഒരു ദു:ഖസത്യമാണ്. അതിനുവേണ്ടി നിയോഗിക്കപ്പെടുന്ന പ്രതിനിധികൾ, ഗവൺമെന്റ് നോമിനികളാണെങ്കിലും വേറെ നോമിനേറ്റ് ചെയ്ത് വരുന്നവരാണെങ്കിലും ഉദ്യോഗസ്ഥന്മാരാണെങ്കിലും, വൈസ് ചാൻസലർമാരാണെങ്കിലും അക്കാദമിക് കൗൺസിലും ബോർഡ് ഓഫ് സ്റ്റഡീസും സംയുക്തമായി ഒരേ മനസ്സോടുകൂടി പ്രവർത്തിച്ചാൽ വലിയ തോതിലുള്ള മാറ്റമുണ്ടാക്കാൻ കഴിയും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

1. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിന്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വില

3(*393) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വിലയീടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഹോട്ടലുകളിൽ വില നിയന്ത്രിക്കുന്നതും ഏകീകരിക്കുന്നതും സംബന്ധിച്ച് മുൻപ്രഖ്യാപനങ്ങൾ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭക്ഷണ പദാർത്ഥങ്ങളുടെ അമിത വില നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് തുപ്തി ഹോട്ടലുകൾ തുടങ്ങുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന മാവേലി ഹോട്ടലുകൾ പ്രവർത്തന രഹിതമായതിന്റെ കാരണം വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വിലയിൽ വർദ്ധന ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇതു സംബന്ധിച്ച കരട് ബിൽ തയ്യാറായി വരുന്നു.

(സി) ഇല്ല. സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തുപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തുപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല.

(ഡി) 24-6-2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം.

LIBRARY ARCHIVES Kerala Legislative Assembly